# JANAYUGAM - 26-04-2025

# സിഫ്റ്റ് സന്ദർശകർക്കായി തുറക്കുന്നു

കൊച്ചി: മത്സ്യമേഖലയിലെ സാങ്കേതിക വിദ്യകളും അറിവുകളും കൂടുതൽ ജനകീയമാക്കാൻ കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റ് 29ന് പൊതുജനങ്ങൾക്കായി തുറന്നിടും. സിഫ്റ്റിന്റെ 68-ാമത് സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായാണ് ഓപ്പൺ ഹൗസ് പ്രദർശനം നടത്തുന്നത്. കഴിഞ്ഞ 67 വർഷത്തിനിടയിൽ മത്സ്യ വിളവെടുപ്പ്, മൽസ്യസംസ്കരണം, പാക്കേജിംഗ്, ഗുണനിലവാര ഉറപ്പ്, മൂല്യവർധിത മൽസ്യ ഉല്പന്നങ്ങൾ, മത്സ്യ മാലിന്യ വിനിയോഗം എന്നീ മേഖലകളിൽ സിഫ്റ്റ് ശ്രദ്ധേയമായ ശാസ്ത്രീയ സംഭാവനകൾ നൽകിയിട്ടുണ്ട്.

സിഫ്റ്റിലെ ഓരോ ഡിവിഷനുകളിലെ നൂതന സാങ്കേതികവിദ്യകൾ, ഉപകരണങ്ങൾ തുടങ്ങിയവ ഓപ്പൺ ഹൗസിൽ സന്ദർശിക്കാം. കർഷകർ, മത്സ്യത്തൊഴിലാളികൾ, മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സ്വയംസഹായക സംഘങ്ങൾ, മത്സ്യപ്രേമികൾ, സംരംഭകർ തുടങ്ങി എല്ലാവർക്കും സ്ഥാപകദിനത്തിൽ സിഫ്റ്റ് സന്ദർശിക്കാം. വിദഗ്ധരുമായി ആശയവിനിമയം നടത്താനും അവസരമുണ്ടാകും. സിഫ്റ്റിന്റെ ഗവേഷണമേഖലകൾ അടുത്തറിയാനും സംശയനിവാരണത്തിനും പ്രദർശനം പ്രയോജനപ്പെടും. രാവിലെ 9.30 മുതൽ ഉച്ചക്ക് ഒരു മണി വരെയാണ് ഓപ്പൺ ഹൗസിന്റെ സമയം. പ്രവേശനം സൗജന്യമാണ്. കൂടാതെ അന്നേദിവസം തന്നെ സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്കായി ചിത്രരചനാ മത്സരവും ഉപന്യാസ മത്സരവും സംഘടിപ്പിക്കുന്നുണ്ട്. മത്സരത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സിഫ്റ്റിന്റെ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി: 27.കൂടുതൽ വിവരങ്ങൾക്ക് - 9895479974 എന്ന നമ്പരിൽ ബന്ധപ്പെടുക.